**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**നമ്പർ: 278/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

ലോക രക്ഷകനായ മശിഹാ തമ്പുരാന്റെ മനുഷ്യാവതാരം മണ്ണും, വിണ്ണും, മാനവ സൃഷ്ടി മുഴുവനും ആഘോഷിക്കുന്ന തിരു ജനനപ്പെരുന്നാൾ വീണ്ടും സമാഗതമാകുന്നു. മനുഷ്യചരിത്രത്തിലേക്ക് ദൈവം തന്നെയാണ് ഇറങ്ങിവന്നതെന്ന മഹിമയാണ് ജനനപ്പെരുന്നാൾ വിളിച്ചോതുന്നത്. "അന്ധകാരത്തിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു" (യെശ. 9:2) എന്ന പ്രവാചക വചനം അതിന്റെ പൂർത്തീകരണത്തെ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ വെളിപ്പെടുത്തി. "അവൻ ദൈവസ്വരൂപത്തിൽ ഇരിക്കുമ്പോൾ തന്നെ..... ദാസരൂപം സ്വീകരിച്ചു" (ഫിലി. 2:6-7) എന്ന വചനം, ദൈവത്തിന്റെ നമ്മോടുള്ള അതിരുകളില്ലാത്ത സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ ജനനം നമുക്കായി സംഭവിച്ച പുതിയ ഉദയം ആണ്. നമുക്ക്, പാപത്തിന്റെ ബന്ധനങ്ങൾ അഴിച്ച് മോചനം നൽകുവാൻ, വിനയവും, സ്നേഹവും, കരുണയും ദൈവരാജ്യത്തിന്റെ ഭാഷയാണെന്നു പഠിപ്പിക്കുവാൻ കൂടിയാണ് ദൈവപുത്രൻ മനുഷ്യനായി ജനിച്ചത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ പവിത്രപരമ്പരയിൽ, ജനനപെരുന്നാളിനോടനുബന്ധിച്ച് അനുഷ്ഠിക്കുന്ന 25 ദിവസം നീണ്ടുനിൽക്കുന്ന യൽദോ നോമ്പുകാലം, കേവലം ഒരു പതിവു ചടങ്ങുപോലെ നിർവ്വഹിക്കുവാനുള്ളതല്ല, മറിച്ച് ഓരോ വിശ്വാസിക്കും അത് ആത്മീയ ഒരുക്കത്തിന്റെ കാലം ആണ്. വിശുദ്ധ കന്യക മറിയം നിഷ്കളങ്കമായി ദൈവവചനത്തെ സ്വീകരിച്ചതുപോലെ, നാം ഈ കാലത്ത് ദൈവവചനം, പ്രാർത്ഥന, സൽപ്രവൃത്തി എന്നിവയിലേക്ക് നമ്മുടെ ഉള്ളം തുറക്കണം. അഹങ്കാരം, വിരോധം, അശുദ്ധചിന്ത, അനീതികൾ എന്നിവയിൽനിന്ന് അകന്ന് ദൈവത്തോട് ചേർന്ന് വസിക്കുന്നതാകണം ഈ 25 ദിവസങ്ങൾ. സമാധാനത്തിന്റെ ശുശ്രൂഷകരും, നീതിയുടെ വാഹകരും, പ്രാർത്ഥനാനിരതരും ആകുവാൻ ക്രിസ്തുജനനം നമ്മെ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമസ്, ദൈവസ്നേഹം മനുഷ്യനിലേക്ക് പകർന്നു നൽകിയ പുണ്യകാലമാണ്. ആകയാൽ ദരിദ്രരുടെ കൈപിടിക്കുക, ഒറ്റപ്പെടുന്നവർക്കൊപ്പം നിൽക്കുക, പരിസ്ഥിതിയെ സംരക്ഷിക്കുക, ശോഷിതരുടെ ശബ്ദമാകുക, ദാരിദ്ര്യത്തിലിരിക്കുന്നവർക്കായി പങ്കുവയ്ക്കുക എന്നിവയിലൂടെ ദൈവസ്നേഹം പകരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

വാത്സല്യ മക്കളെ, പുതു വർഷത്തിലേക്ക് ലക്ഷ്യം വയ്ക്കുന്ന ദിനങ്ങൾ കൂടിയാണല്ലോ ഇത്. ആകയാൽ ചിന്തയിലും വാക്കിലും പ്രവർത്തിയിലും പുതുമനുഷ്യരായി രൂപാന്തരപ്പെടുവാൻ ഏവരും യത്നിക്കണം. എല്ലാവർക്കും സമാധാനപൂർണ്ണമായ ക്രിസ്തുമസും ദൈവാനുഗ്രഹപൂർണ്ണമായ പുതുവത്സരവും നാം ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2025 നവംബർ മാസം 18-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**